കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തെക്കുംകര ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)1069/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680020
ഫോൺ-0487 2331249
dotsr.ksad@kerala.gov.in
തീയതി 25-7-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തെക്കുംകര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തെക്കുംകര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)1069/17 തിയ്യതി 25-7-2017

# തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിലെ 10.08.2016 മുതൽ 16.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.4.16 മുതൽ 31.3.17 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.06.17 മുതൽ 23.06.17 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.വി.ജി. തുളസീദാസ്<br>ഓഡിറ്റ് ഓഫീസർ.<br><br>ശ്രീ.സുനിൽ.പി.ബി<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ.സുനിൽകുമാർ.കെ.സി<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി.രാജിഷ.ആർ,<br>(ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി .ശ്രീജ.എം.കെ | 01.04.2016മുതൽ<br>31.03.2017വരെ |
| സെക്രട്ടറി | ശ്രീമതി.ഷൈബ ഗോപാൽ | 1.4.2016മുതൽ<br>03.08.2016 വരെ |
| | ശ്രീമതി.സി.ഉഷ | 04.08.2016മുതൽ<br>31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ജി.രാജേഷ് | 01.04.2016മുതൽ<br>11.11.2016വരെ<br>(12.11.16, 13.11.2016 പൊതു അവധി) |
| | ടി.പി.സിന്ധു | 14.11.2016മുതൽ<br>31.03.2017വരെ |
| കൃഷി ഓഫീസർ | രേഷ്മ രാമകൃഷ്ണൻ | 01.04.2016മുതൽ<br>23.06.2016 വരെ |
| | മനോജ്.എ.എൻ | 24.06.2016മുതൽ<br>26.07.2016വരെ |
| | സുജിത്ത്.പി.ജി | 27.07.2016മുതൽ<br>31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.സജിത | 01.04.2016മുതൽ |

| | | |
|---|---|---|
| | | 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സുനിൽകുമാർ | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ. ഫ്രാങ്കോ ജെയിംസ് | 01.04.2016മുതൽ 05.08.2016 FN വരെ |
| | ഡോ. ജോസഫ് ഇട്ടീര | 05.08.2016ANമുതൽ 31.03.2017വരെ |
| വി.ഇ.ഒ | ഷീജ (തെക്കുംകര സർക്കിൾ) | 01.04.2016മുതൽ 31.03.2017വരെ |
| | ഷൈൻ.എം.പി (മച്ചാട് സർക്കിൾ) | 01.04.2016മുതൽ 31.03.2017വരെ |
| ഐ.സി.ഡിഎസ്.സൂപ്പർവൈസർ | ലാലി.വി.ടി | 01.04.2016മുതൽ 27.07.2016വരെ |
| | പ്രത്യൂഷ.ആർ.ജെ | 28.07.2016മുതൽ 31.03.2017വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, ചേലക്കര | എം.എൻ .ബിന്ദു | 01.04.2016മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ദൃശ്യ.ടി.മനോഹർ | 01.04.2016മുതൽ 31.03.2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | മഹേഷ്.വി.സി | 01.04.2016മുതൽ 31.07.2016വരെ |
| | നന്ദിനി.ടി | 31.07.2016മുതൽ 31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1. |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ക്വാറി ലൈസൻസ്-കൈവശവകാശ രേഖകൾ കൃത്യമല്ല | 2-1 |
| 13 | തനതു ഫണ്ട് അക്കൗണ്ട് ഒന്നിലധികം ബാങ്കുകളിൽ നിക്ഷേപിക്കുന്നു | 2-2 |
| 14 | മൊബൈൽ ടവർ വസ്തുനികുതി ഈടാക്കുന്നില്ല | 2-3 |
| 15 | ലൈവ് സ്റ്റോക്ക് ഫാം -ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ് | 2-4 |
| 16 | ഓഡിറ്റ് നിർദേശത്തെ തുടർന്ന് വസ്തു നികുതി കുറവായി നിർണ്ണയിച്ചത് അടവാക്കി | 2-5 |
| 17 | അനധികൃത കെട്ടിട നിർമ്മാണം ക്രമവൽകരിച്ചു കാണുന്നില്ല | 2-6 |
| 18 | ഡി & ഒ ലൈസൻസ് -മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ടതാണ് | 2-7 |
| 19 | ആംബുലൻസ് -ബൈലോ അംഗീകരിച്ചിട്ടില്ല | 2-8 |
| | ഭാഗം 3 | |
| 20 | വട്ടായി ക്വാറി-പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി-അവലോകനം | 3-1 |
| 21 | പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം-രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-2 |
| 22 | മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ | 3-3 |
| 23 | കൊളത്താഴം കുടിവെള്ള പദ്ധതി-മൂന്ന് വർഷത്തിനു ശേഷവും പൂർത്തീകരിച്ചില്ല | 3-4 |
| 24 | ആസ്തികൾ ആർജിക്കുമ്പോൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല | 3-5 |
| 25 | പട്ടികവർഗ്ഗ മേഖല വികസനം -അവഗണിക്കപ്പെടുന്നു | 3-6 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല | 3-7 |
| 27 | ക്രിമറ്റോറിയം ഒരു വർഷത്തോളമായി പ്രവർത്തിക്കുന്നില്ല | 3-8 |
| 28 | തെരുവ് വിളക്ക് പരിപാലനം-അപാകതകൾ | 3-9 |
| 29 | ഫ്രണ്ട് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ വാങ്ങൽ-ആവശ്യകത പരിഗണിച്ചില്ല | 3-10 |

| | | |
|---|---|---|
| 30 | രോഗപ്രതിരോധ മെഡിക്കൽ ക്യാമ്പ്-ആയുർവേദം | 3-11 |
| 31 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ | 3-12 |
| 32 | ഹെഡ്മിസ്ട്രസ് ഗവ.എൽ.പി സ്കൂൾ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 3-13 |
| 33 | വി.ഇ.ഓ തെക്കുംകര നടപ്പിലാക്കിയ പ്രോജക്ടുകൾ | 3-14 |
| 34 | ആശ്രയ ഫണ്ട് നിഷ്ക്രിയമായി കിടക്കുന്നു | 3-15 |
| 35 | മെഡിക്കൽ ഓഫീസർ മുൻകൂർ ക്രമീകരിച്ചിട്ടില്ല | 3-16 |
| 36 | അംഗനവാടികളുടെ ഭൗതിക സാഹചര്യം | 3-17 |
| 37 | ആശ്രയ പദ്ധതി -അവലോകനം | 3-18 |
| 38 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-19 |
| 39 | വട്ടായി ക്വാറി കുടിവെള്ള പദ്ധതി -കിണർ നിർമ്മാണം -ഫയൽ ലഭ്യമാക്കിയില്ല. | 3-20 |
| | ഭാഗം 4 | |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016- 17 വർഷത്തെ ബജറ്റ് 25.02.2016 തിയതിയിലെ 1 (2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം ആകെ വരവ് 137217203 ഉം ആകെ ചെലവ് 126168215 ഉം ആണ്. 22.03.2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരം വരവ് 137084480 രൂപയും ചെലവ് 128832215രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 09.06.2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

1.നാളിതുവരെയുള്ള ആസ്തി ബാധ്യത വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല
2.മുൻവർഷത്തെ സർട്ടിഫിക്കറ്റിൽ പറഞ്ഞ അപാകതകൾ ഇതുവരെയും പരിഹരിച്ചിട്ടില്ല.

3) വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| 2015-16 അക്കൗണ്ട്സ് പ്രകാരം Property Tax Arrear | |
| Property Tax on Residentional Buildings (B-15) | |
| Current | 14,72,525 |
| Arrear | 4,04,576 |
| ആകെ | 18,77,101 |
| 5% Library Cess ഒഴികെ 18,77,101 X 100 / 105 | 17,87,715 |
| ആയതിനാൽ 2016-17 Property Tax on Residentional Buildings(Arrear) Demand | 17,87,715 |
| Property Tax on Residentional Buildings Arrear വരവ് 2016-17 RP 43 പ്രകാരം | |
| Residentioal Buildings | 8,23,585 |
| Non Residentioal Buildings | 3,420 |
| ആകെ | 8,27,005 |
| Balance (17,87,715 – 8,27,005) | 9,60,710 |
| Add 5% Library Cess(9,60,710 X5%) | 48,035 |
| ആകെ | 10,08,745 |
| ആയതിനാൽ തൻ വർഷം Property Tax on Residentional Buildings (Arrear) നീക്കിയരിപ്പായി വരേണ്ട തുക | 10,08,745 |
| 2016-17അക്കൗണ്ട്സ് പ്രകാരംBalance Property Tax on Residentional Buildings (Arrear) (B-15) പ്രകാരം | 17,29,792 |
| Balance Property Tax on Residentional Buildings (Arrear) Demand Registerപ്രകാരം | 16,77,582 |

Property Tax Current

| | |
|---|---|
| 2016-17അക്കൗണ്ട്സ് പ്രകാരംProperty Tax on Residentional Buildings (I-1) പ്രകാരം Demand | 24,56,397 |
| Property Tax on Residentional Buildings Arrear വരവ് 2016-17 RP 43 പ്രകാരം | 14,50,884 |
| Balance (24,56,397 – 14,50,884) | 10,05,513 |
| Add 5% Library Cess(10,05,513 X5%) | 50,276 |
| ആകെ | 10,55,789 |
| ആയതിനാൽ തൻ വർഷം Property Tax on Residentional Buildings (current) നീക്കിയരിപ്പായി വരേണ്ടതുക | 10,55,789 |
| 2016-17അക്കൗണ്ട്സ് പ്രകാരം Balance Property Tax on Residentional Buildings (current) (B-15) പ്രകാരം | 11,28,333 |
| Balance Property Tax on Residentional Buildings (current) Demand Register പ്രകാരം | 12,45,178 |

മേൽ വിവരിച്ച പ്രകാരം തൻ വർഷത്തെ വാർഷിക കണക്കിന്റെ ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള വസ്തുനികുതി നീക്കിയിരിപ്പുതുകകൾ മുൻവർഷത്തെ കണക്കുമായും, തൻവർഷത്തെതന്നെ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കണക്കുമായും പൊരുത്തപ്പെടുന്നില്ല.ഇതു സംബന്ധിച്ച 23-06-2017ലെ 21-ാം നമ്പർ എൻക്വയറിക്ക് മറുപടിനല്കുകയുണ്ടായില്ല.

4) ഇൻകം ആന്റ് എക്സ്പിന്റീച്ചർ അക്കൗണ്ടും റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ടുമായും പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | ഇൻകം ആന്റ് എക്സ്പിന്റീച്ചർ അക്കൗണ്ട് | പേമെന്റ് അക്കൗണ്ട് |
|---|---|---|---|---|
| 1 | 251200201 | Public Health Programmes General | I-14(a) | RP-16 |
| | | | 4,05,240 | 3,49,038 |
| 2 | 251200301 | Health related Special Programmes General | 1,99,966 | 2,34,932 |
| 3 | 252200101 | Road General | I-14(b) | RP-17 |
| | | | 17,27,381 | 15,78,084 |

| | | | | |
|---|---|---|---|---|
| 4 | 255201701 | Maintenance Project Non Road Assests other transfered Assests Maintance of Assests | I-14(e) | RP-20 |
| | | | 4,23,886 | 99,769 |

വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച മേൽ പറഞ്ഞ അപാകതകൾ പരിഹരിയ്ക്കേണ്ടതാണ്.

2016-17 വർഷത്തെ ഓഡിറ്റ് സാക്ഷ്യപത്രം, ഇൻകം & എക്സ്പെൻഡീച്ചർ പത്രിക, രസീറ്റ് & പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11942300.45 |
| വരവ് | 53418480 |
| ആകെ | 65360780 |
| ചെലവ് | 51029832 |
| നീക്കിയിരിപ്പ് | 14330948.45 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12481080 | 12481080 | 12481080 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3811996 | 3811996 | 3811996 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2884160 | 2884160 | 2884160 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2128573 | 2128573 | 2128573 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7657068 | 7657068 | 7657068 | 0 |
| ലോകബാങ്ക് ധനസഹായം | 0 | 2377940 | 2379940 | 2379940 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 462 | 48119976 | 48120438 | 48119188 | 1250 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 69445679 | 104 | 35622260 | 66 | 24 | 53.60 % |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 54 % കൂടുതൽ ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1783777 | 3152544 | 1368767 | 76.73% |
| നികുതിയേതര വരവുകൾ | 643846 | 607357 | 36489 | 5.66%(-) |
| മറ്റുവരവുകൾ | 134805 | 186000 | 51195 | 37.98 % |
| ആകെ | 2562428 | 3945901 | 1383473 | 54% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 373680 | 263 |
| കർഷകതൊഴിലാളി പെൻഷൻ | 8852150 | 1029 |
| വിധവാപെൻഷൻ | 14800780 | 1346 |
| വാർദ്ധക്യകാലപെൻഷൻ | 17925930 | 1763 |
| വികലാംഗപെൻഷൻ | 3389375 | 377 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 2096690 | 200 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 210000 | 9 |

| | | |
|---|---|---|
| ധനസഹായം | | |
| നെൽകർഷകർക്ക് ബോണസ് | 240000 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.06.2016 തീയതിയിൽ 3.15 pm- ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7888 -രൂപ (ഏഴായിരത്ത് എണ്ണൂറ്റി എൺപത്തിഎട്ട രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാനും രേഖപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വെയ്ക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആസ്തി രജിസ്റ്ററുകൾ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും നികുതി പിരിച്ചെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കി തനതു വരുമാനം വർദ്ധിപ്പിക്കാനുമുള്ള ശ്രമം പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.04.2017 | 2017 ഫെബ്രുവരി | 07.06.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.10.2016മുതൽ 22.10.2016വരെ | 2011-12മുതൽ 2015-2016 വരെ | 13,02.2017 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ക്വാറി ലൈസൻസ്-കൈവശാവകാശ രേഖകൾ കൃത്യമല്ല

തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ക്വാറി ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തു

പരിധിയിലുള്ള മാണിക്കമ്പാറ ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്വാറിക്ക് ലൈസൻസ് അനുവദിച്ചു കാണുന്നു. ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസിനായി അപേക്ഷിച്ചിരിക്കുന്നത് 1538/12 എന്ന നമ്പറിലും ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിന്റെ ലൈസൻസ് നൽകിയിരിക്കുന്നത് 825/59/5 എന്ന സർവേ നമ്പറിലുമാണ്. മൈനിങ്ങ് ആന്റ് ജിയോളജി ഡയറക്ടറുടെ കത്ത് പ്രകാരം തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ തെക്കുംകര വില്ലേജിൽ 1538/6 , 1538/7 , 1538/12 , 1538/13 , 1538/14 എന്നീ സർവേ 2.0172 ഹെക്ടർ സ്ഥലത്തു നിന്ന് കരിങ്കൽ ഘനനം നടത്തുന്നതിന് ക്വാറീയിംങ്ങ് ലീസിനായാണ് അപേക്ഷിച്ചിരിക്കുന്നത് . 2016-17 സാമ്പത്തിക വർഷത്തേക്ക് മൈനിംങ്ങ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി , കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യ പത്രം എന്നിവ ലഭ്യമായിട്ടില്ല. മേൽപറഞ്ഞ സർവേ നമ്പറുകളിൽ പ്രവർത്തിക്കുന്ന ക്വാറിക്ക് 2.0172ഹെക്ടർ സ്ഥലത്ത് മുഴുവനായും ഖനനം നടത്താൻ അനുവാദം മറ്റു വകുപ്പുകളിൽ നിന്ന് ലഭ്യമായതായി കാണുന്നില്ല. ക്വാറി പ്രവർത്തിക്കുന്ന ഏരിയ സംബന്ധിച്ച കൃത്യത, അനുവദനീയമായ കരിങ്കൽ ഖനനവും പാറപൊടിക്കുന്നതുമാണോ നടക്കുന്നത് എന്നീ പരിശോധന ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ പരിശോധനാവിധേയമാക്കിയിട്ടില്ല. ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ മറ്റു വകുപ്പുകളിൽ നിന്നു ലഭിക്കുന്ന നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഏത് സർവേ നമ്പറിലാണ് അനുവദിച്ചിരിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് നൽകേണ്ടതും അനുവദനീയമായ ഭൂമിയിലല്ലാതെ ക്വാറിംങ്ങ് പ്രവർത്തനം അനധികൃതമായി നടക്കുന്നുണ്ടോ എന്ന് പ്രാദേശിക പരിശോധന നടത്തി ഉറപ്പാക്കേണ്ടതുമാണ് .

## 2-2 തനതു ഫണ്ട് അക്കൗണ്ടു ഒന്നിലധികം ബാങ്കുകളിൽ നിക്ഷേപിക്കുന്നു

സർക്കുലർ നമ്പർ 58725/ എഫ്.എം3 2008/ ത.സ്വ. ഭ.വ /26.5.11, അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് എസ്.ബി.ടി , പുന്നംപറമ്പ് അക്കൗണ്ട് നം 57063865607 ലും അമ്പലപ്പാട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നം 213809 എന്നിവയിൽ നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-3 മൊബൈൽ ടവർ വസ്തുനികുതി ഈടാക്കുന്നില്ല

സർക്കാർ മാർഗ്ഗനിർദേശ പ്രകാരം മൊബൈൽ ടവറിന് 1 ചതുരശ്ര മീറ്ററിന് കുറഞ്ഞത് 400/- രൂപയാണ് ഈടാക്കേണ്ടത്. 2013-14 മുതൽ പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കിയിട്ടില്ല. തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മൊബൈൽ ടവറുകളുടെ പേരു വിവരം താഴെ കൊടുക്കുന്നു

| വാർഡ് / കെട്ടിട നം | പേരു വിവരം | ഈടാക്കേണ്ട വസ്തുനികുതി | വിസ്തീർണ്ണം |
|---|---|---|---|
| 6/466 | ഉഷ രാജൻ, പുന്നംപറമ്പ്,എയർടെൽ | 5200+260 =5460 | $13M^2$ |
| 8/349 | എം.കെ.നാരായണൻ, എസ്.ആർ | 6000+300=6300 | $15M^2$ |

| | | | |
|---|---|---|---|
| | കമ്മ്യൂണിക്കേഷൻസ് | | |
| 4/13 | ബി.എസ്.എൻ.എൽ | 6160 + 308=6468 | $14M^2$ |

മേൽ പറഞ്ഞ മൊബൈൽ ടവറുകളിൽ വാർഡ് 8 ലെ മൊബൈൽ ടവർ ഒഴികെ വാർഡ് 4, 6 എന്നിവയിലുള്ള മൊബൈൽ ടവറുകൾക്ക് ആർ.ആർ. നോട്ടീസ് അയച്ചുവെങ്കിലും നാളിതുവരെ നികുതി അടവാക്കിയിട്ടില്ല

ഭരണ സമിതി ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതും മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 ലൈവ് സ്റ്റോക്ക് ഫാം -ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്

2016-17 വർഷത്തിൽ D&O ലൈസൻസ് നല്കിയ താഴെ പറയുന്ന ലൈസൻസികൾക്ക് സർക്കാർ ഉത്തരവ് നമ്പർ 101/2012 ത.സ്വ.ഭ.വ തിയ്യതി 13.4.2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നം-3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു. 2016-17 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് പരിശോധിച്ചതിൽ ദാമോദർ ഫാംസ് ,എം.സി രാജേഷ് , കാക്കനാട് എന്ന വ്യക്തി മാത്രമാണ് ഓഡിറ്റ് വർഷം ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. 2016-17 പുതിയ കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി നിർണ്ണയിച്ച താഴെപറയുന്നവർ ഡി &ഒ ലൈസൻസ് എടുക്കാത്തതായി കാണുന്നു.

വിശദവിവരംതാഴെ കൊടുക്കുന്നു.

| കെട്ടിടഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിട നം | വസ്തു നികുതി നിർണ്ണയ തിയ്യതി |
|---|---|---|---|
| പ്രസാദ് തടത്തിൽ ,വീരോലി പ്പാടം | $86.1\ m^2$ | 288A | 19.06.2016 |
| എബ്രാഹീം പൗലോസ് വെങ്കുളം | $54m^2$ | III/485A | 03.06.2016 |
| വിജയശ്രീ രാമചന്ദ്രൻ കല്ലിപറമ്പിൽ | $92.29\ M^2$ | X11/279 E | 25.07.2016 |

മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ച 2015-16 ൽ വസ്തു നികുതി നിർണ്ണയിച്ച താഴെ പറയുന്ന ഫാമുകൾക്ക് 2016-17 സാമ്പത്തിക വർഷം ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് നൽകിയതായി കാണുന്നില്ല.

| കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടനം | വസ്തുനികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|
| ഏലിയാമ്മ തോമസ്, പുത്തൻപുരയ്ക്കൽ | $165.10m^2$ | XIV/210 | 3.6.15 |
| ഏലിയാമ്മ തേമസ്, | $152.49M^2$ | XIV/210A | 3.6.15 |

| | | | |
|---|---|---|---|
| പുത്തൻപുരയ്ക്കൽ | | | |
| പാപ്പച്ചൻ.എം.സി, മാടശ്ശേരി | 56.31M$^2$ | X/241A | 27.6.15 |
| ചാക്കുണ്ണി, ഒലക്കേങ്കിൽ | 108.04M$^2$ | VIII/361B | 2.12.15 |
| പൗലോസ് മാത്യു, വീരോലിപ്പാടം | 86.94M$^2$ | VIII/242A | 16.1.16 |
| മുളന്താനത്ത് ചാക്കോ മകൻ ഇട്ടൻ | 135.27M$^2$ | XII/56A | 8.1.16 |

ഇതു സംബന്ധിച്ച പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദവിവരം ഓഡിറ്റിനു ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം 7/20.06.2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല. മൃഗസംരക്ഷണം, കൃഷി എന്നീ മേഖലകൾക്ക് പ്രധാന്യമുള്ള തെക്കുംകര ഗ്രാമപഞ്ചായത്തിൽ, നിലവിൽ പ്രവർത്തിക്കുന്ന ഫാമുകൾക്കും, 2016-17 സാമ്പത്തിക വർഷം പുതുതായി വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കോഴി/ആട് ഫാമുകൾക്കും, ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ പ്രകാരം മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കേണ്ടതും, ലൈസൻസില്ലാതെ ആയവ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 2-5 ഓഡിറ്റ് നിർദേശത്തെ തുടർന്ന് വസ്തു നികുതി കുറവായി നിർണ്ണയിച്ചത് അടവാക്കി

2016-17 സാമ്പത്തിക വർഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ ഫയൽ ന്യൂ ബിൽഡിംങ്ങ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വാർഡ് 5 കെട്ടിട നം 143 A ജെറി തോമസ്, കരമത്ര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഗോൾഡൻ ഇൻറർനാഷണൽ എന്ന സ്ഥാപനത്തിന് റൂഫിംങ്ങ് ഷീറ്റ് ആക്കി മാറ്റുന്ന കോയിൽ സ്റ്റോക്ക് ചെയ്യുന്ന ഗോഡൗണിന് വസ്തു നികുതി കുറവായാണ് നിർണ്ണയിച്ചിരിക്കുന്നത്. ന്യൂ ബിൽഡിംങ്ങ് രജിസ്റ്റർ , പ്ലാൻ, വസ്തു നികുതി നിർണ്ണയ ഫയൽ എന്നിവയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം ഗോഡൗൺ എന്നിരിക്കെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഉപയോഗ ക്രമം എന്ന നിലക്കാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് വിശദവിവരം താഴെ കൊടുക്കുന്നു

| വസ്തുനികുതി നിർണ്ണയിച്ചത് | വസ്തുനികുതി നിർണ്ണയിക്കേണ്ടത് |
|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം 335m$^2$ = 335x 30<br>രൂപ നിരക്കിൽ<br>10071<br>ഇളവ് 10 % = 1007<br>വർദ്ധനവ് 20% =2014 | 335.7 x 50 = 16785<br>ഇളവ് 10 %= 1678.5<br>വർദ്ധനവ് 20 %=3357 |
| നിർണ്ണയിച്ച വസ്തുനികുതി =11079 | 18464 |

കുറവ് = 7385

2011 ലെ കെട്ടിട നികുതി ചട്ടങ്ങൾ അനുസരിച്ച് 100 ച.മിറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഗോഡൗൺ ആയ കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് കുറഞ്ഞത് 50 രൂപ നിരക്കിലെങ്കിലും ആയിരിക്കണമെന്നതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി മറുപടി പ്രകാരം വസ്തുനികുതി കുറവായി നിർണ്ണയിച്ചത് ക്രമീകരിച്ച് കുറവു വന്ന തുക 7385 രൂപ രസീതി നം 117080100424/22.06.2017 ന് അടവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 അനധികൃത കെട്ടിട നിർമ്മാണം ക്രമവൽകരിച്ചു കാണുന്നില്ല

തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ഫോറസ്റ്റ് ,പുറമ്പോക്ക്, പഞ്ചായത്ത് പുറമ്പോക്ക്, കനാൽ പുറമ്പോക്ക് എന്നിവിടങ്ങളിൽ വീടുകൾകെട്ടി താമസിക്കുന്നവർക്ക് അനധികൃത നമ്പർ നൽകിയതായികാണുന്നു . തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.02.2015 ലെ നം.81777/RA1/2014/ത.സ്വ.ഭ.വ സർക്കുലർ,18.10.2014 ലെ 60203/RA1/14/ത.സ്വ.ഭ.വ സർക്കുലറുകൾ പ്രകാരം UA നം നൽകി ഒരു വർഷത്തിൽ കൂടുതലായ എല്ലാ അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് നൽകാനും നിശ്ചിത കാലാവധിക്കുള്ളിൽ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത എല്ലാ അനധികൃത നിർമ്മാണങ്ങൾക്കെതിരെയും നിലവിലുള്ള കേരള പഞ്ചായത്ത് രാജ് ആക്ട്, കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച ഫയലുകൾ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ക്രമീകരിക്കാത്തവയുടെ എണ്ണം (2004-05മുതൽ) താഴെ കൊടുക്കുന്നു.

| വർഷം | അനധികൃത കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 2004-05 | 26 കെട്ടിടങ്ങൾ |
| 2005-06 | 13 |
| 2006-07 | 10 |
| 2007-08 മുതൽ 2011-12 വരെ | 19 |
| 2011-12മുതൽ 2013-14 വരെ | 48 |
| 2014-15 | 12 |
| 2015-16 | 14 |
| 2016-17 | 6 |

മേൽപറഞ്ഞവയിൽ 2016-17 ൽ UA നം നൽകിയ ഭവനങ്ങളിൽ IAY ഭവനങ്ങളും ഉൾപ്പെടുന്നു. രജിസ്റ്ററിൽ നിയമലംഘനത്തിന്റെ സ്വഭാവം പട്ടയമില്ല എന്നതാണ്. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നം 4/16/ത.സ്വ.ഭ.വ, തിയ്യതി 11.1.2016 ൽ റവന്യൂ വകുപ്പിൽ നിന്നു ലഭിച്ച കൈവശ രേഖ മാത്രമുള്ളവരാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടാൽ മതിയെന്നതാണ്. IAY ഭവനങ്ങൾ അനധികൃത കെട്ടിടങ്ങളുടെ നം നൽകാനുള്ള സാഹചര്യം നിലവിൽ UA നം നൽകിയ കെട്ടിടങ്ങൾ നിയമാനുസൃതമാക്കാൻ സ്വീകരിച്ച നടപടികൾ അനധികൃത കെട്ടിട നിർമ്മാണം

ക്രമവൽക്കരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ അന്വേഷിച്ചുകൊണ്ട് എൻക്വയറി നൽകിയതിനു (എൻക്വയറി നം 18/ 22.6.2017) ലഭ്യമായ മറുപടി വസ്തുതാപരമല്ല. അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ വേണ്ട ശ്രമം പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാവേണ്ടതാണ്

## 2-7 ഡി & ഒ ലൈസൻസ് -മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ടതാണ്

പഞ്ചായത്തിൽ നിന്ന് ഡി & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തതായി കാണുന്നു.ഡി & ഒ ലൈസൻസിനായി അപേക്ഷകൾ മാത്രമാണ് വാങ്ങി കാണുന്നത്.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പേരു വിവരം | സ്ഥാപനം | ലഭ്യമാക്കാത്ത നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ |
|---|---|---|---|
| 1 | ടി.കെ.ഗോപാല കൃഷ്ണൻ ,കുണ്ടുകാട് | ട്രെഡ് റബർ നിർമ്മാണം | 1948 ലെ ഫാക്ടറീസ് ആക്ട്,1957 ലെ കേരള ഫാക്ടറീസ് റൂൾ അനുസരിച്ച് ഫാക്ടറീസ് & ബോയിലേഴ്സിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല |
| 2 | ടി.കെ രവീന്ദ്രൻ താഴത്തേവീട് ഊരോക്കോട് | ട്രെഡ് റബർ നിർമ്മാണം | 1948 ലെ ഫാക്ടറീസ് ആക്ട്,1957 ലെ കേരള ഫാക്ടറീസ് റൂൾ അനുസരിച്ച് ഫാക്ടറീസ് & ബോയിലേഴ്സിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല |
| 3 | പി.ജെ.ജോർജ് കുട്ടി<br>പനച്ചിക്കൽ വീട് | പി.വി.സി.പൈപ്പ് നിർമ്മാണം, | 1948 ലെ ഫാക്ടറീസ് ആക്ട്,1957 ലെ കേരള ഫാക്ടറീസ് റൂൾ അനുസരിച്ച് ഫാക്ടറീസ് & ബോയിലേഴ്സിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല |

ഡി & ഒ ലൈസൻസ് നൽകുമ്പോൾ മതിയായ രേഖകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ടവകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-8 ആംബുലൻസ് -ബൈലോ അംഗീകരിച്ചിട്ടില്ല

തെക്കുംകര ഗ്രാമ പഞ്ചാത്തിന്റെ കീഴിലുള്ള ആംബുലൻസ് പാലിയേറ്റീവ് കെയറിനായും പുറമെയുള്ള

ആളുകൾക്ക് വാടകക്കായും നൽകിയിട്ടുണ്ട്. ഏതു നിരക്കിലാണ് നികുതി പിരിക്കേണ്ടതെന്നും ഓരോ വർഷവും നികുതിനിരക്ക് വർദ്ധന സംബന്ധിച്ച ബൈലോവിന്റെ അടിസ്ഥാനത്തിലല്ല വാടക ഈടാക്കുന്നത്. ഓഡിറ്റ് എൻക്വയറി നം 10/21.06.2017 നൽകിയ മറുപടിയിൽ ആംബുലൻസ് വാടക സംബന്ധിച്ച് ബൈലോ അംഗീകരിച്ച് ലഭിച്ചിട്ടില്ല. ബൈലോ അംഗീകരിക്കാൻ വേണ്ട നടപടിയെടുക്കേണ്ടതും പഞ്ചായത്ത് വാഹനങ്ങളെ സ്റ്റോക്കിലെടുക്കുകയും ചെയ്യേണ്ടതാണ്. ബൈലോയുടെ അടിസ്ഥാനത്തിൽ വാഹന വാടക നിശ്ചയിച്ച് ഈടാക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വട്ടായി ക്വാറി-പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി-അവലോകനം.

തെക്കുംകര പഞ്ചായത്തിന്റെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം എന്ന ദീർഘ വീക്ഷണത്തോടെ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഇതേവരെയുള്ള പ്രവർത്തനം താഴെ വിവരിക്കുന്നു.

വനം വകുപ്പിന്റെ അധീനതയിലുള്ള വർഷങ്ങൾക്ക് മുൻപ് പ്രവർത്തനം നിലച്ച കുണ്ട്കാട് ക്വാറിയിൽ നിരവധി ഹെക്ടർ സ്ഥലത്തായി സംഭരിക്കപ്പെട്ടിട്ടുള്ള ജലം, ഇതിനടുത്തായി പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് നിർമ്മിക്കുന്ന കിണറിലേക്ക് ചെറിയ തുരങ്കത്തിലൂടെ കൊണ്ട് വന്ന് സംഭരിക്കുകയും, പഞ്ചായത്തിന്റെ സ്വന്തം കുടിവെള്ള പദ്ധതിയിലൂടെ വിവിധ വാർഡുകളിലേക്ക് എത്തിക്കാനുമാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതിനായി വർഷങ്ങൾക്ക് മുൻപ് സ്വകാര്യ വ്യക്തി പഞ്ചായത്തിന് സംഭാവനയായി നല്കിയ 5 സെന്റ് സ്ഥലത്തോട് ചേർന്ന് 2015-16 വർഷത്തിൽ 300000/- രൂപ ചെലവഴിച്ച് 5 സെന്റ് സ്ഥലം കൂടി വാങ്ങുകയും, തുടർന്ന് 2016-17 വർഷത്തിൽ രജിസ്ട്രേഷൻ ചെലവുൾപ്പെടെ 1327550/- ചെലവഴിച്ച് 20 സെന്റ് സ്ഥലം കൂടി വാങ്ങിയിട്ടുണ്ട്. തുടർന്ന് എം.പി. ഫണ്ടുപയോഗിച്ച് ഏകദേശം 30 ലക്ഷം രൂപ ചെലവഴിച്ച് 10x10x15 $m^3$ വലുപ്പത്തിൽ 16-17 വർഷത്തിൽ തന്നെ ഒരു തുറന്ന കിണർ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, 16-17 വർഷത്തിൽ തന്നെ 3,50,000/- രൂപ പഞ്ചായത്ത് ഫണ്ടും, 10,00,000/- രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് അപ്രോച്ച് റോഡിന്റെ സൈഡ് കെട്ടുന്ന പണിയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി നടത്തിയ സാധ്യതാ പഠനത്തിൽ പഞ്ചായത്തിന്റെ ആവശ്യത്തിനേക്കാൾ കൂടുതൽ അളവിൽ ജലം ലഭ്യമാകുമെന്ന് അറിയിച്ചിട്ടുണ്ട്.

ശുദ്ധീകരണ പ്ലാന്റ്, വാട്ടർ ടാങ്ക്, പമ്പ് ഹൗസ്, പമ്പ് സെറ്റ് തുടങ്ങിയ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി കേരള വാട്ടർ അതോറിറ്റിയുടെ WASCON വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 2,90,00,000/- രൂപയുടെ ചെലവ് കണക്കാക്കിയിട്ടുണ്ട്. 23/6/17 ന് അസി.എഞ്ചിനീയർ, വൈസ് പ്രസിഡണ്ട് എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ കിണറിൽ നിറയെ വെള്ളമുള്ളതായി കാണുകയുണ്ടായി. മാത്രമല്ല, സൈറ്റിലേക്കുള്ള റോഡിന്റെ പണി പൂർത്തിയായി വരുന്നതായി ബോധ്യപ്പെട്ടു.

ഉദ്ദേശിച്ചപോലെ പണി പൂർത്തീകരിക്കാൻ സാധിച്ചാൽ പഞ്ചായത്തിന്റെ മുഴുവൻ കുടിവെള്ള ദൗർലഭ്യവും പരിഹരിക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കും എന്നതിൽ സംശയമില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതിക്കായി ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇതുവരേയും തയ്യാറാക്കിയിട്ടില്ല. ബന്ധപ്പെട്ട വിഷയത്തിൽ വിദഗ്ദരായവരുടെ സഹായത്തോടെയും ആവശ്യമായ പഠനത്തിന്റേയും അടിസ്ഥാനത്തിൽ

നാളിതുവരെ ചെയ്ത പ്രവൃത്തികളും, ഭാവിയിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികളും ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് എത്രയും വേഗം തയ്യാറാക്കേണ്ടതും ഭാവി പ്രവർത്തനങ്ങൾ അതനുസരിച്ച് തീരുമാനിക്കേണ്ടതുമാണ്.

2. മേൽ പദ്ധതിക്കായി ഓരോ വർഷവും ചെയ്യുന്ന പ്രവൃത്തികൾ വ്യത്യസ്ത ഫയലുകളായി സൂക്ഷിക്കുന്നു. ഇത് ശരിയായ പ്രവണതയല്ല. ഇവയെല്ലാം ഒറ്റ പദ്ധതിയുടെ ഭാഗമായി കാണേണ്ടതും ഓരോ വർഷവും ചെയ്യുന്ന പ്രവൃത്തികൾ വ്യത്യസ്ത വോള്യങ്ങളായി സൂക്ഷിക്കാവുന്നതുമാണ്.

# 3-2 പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം-രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

അടങ്കൽ-22,31,000/-

കരാറുകാരൻ-രഘുനാഥ്

എം.ബുക്ക് നം.-61/16-17&40/16-17

ട്രഷറി ബിൽ നം.39/30-3-17 Rs.17,03,870/-

മൂന്ന് നിലകളിലായി 1856.30$m^2$ ഏരിയയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിനായി ഭാഗികമായി 22,31,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2016-17 വർഷം ടെണ്ടർ നടത്തി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ രഘുനാഥിന്റെ 16,52,527.05 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചതായി കാണുന്നു. എന്നാൽ ഐറ്റം നിരക്കുകൾ രേഖപ്പെടുത്തിയ പ്രസ്തുത ടെണ്ടർ ഫയലിൽ ലഭ്യമല്ല. ടെണ്ടർ ഷെഡ്യൂളും ഫയലിൽ ലഭ്യമല്ല. ആയതുകൊണ്ടുതന്നെ എസ്റ്റിമേറ്റിൽനിന്നും വ്യത്യസ്തമായി ഫൈനൽ ബിൽ പ്രകാരം അനുവദിച്ചിരിക്കുന്ന നിരക്കുകളുടേയും തുക അനുവദിച്ചതിന്റേയും കൃത്യത പരിശോധിക്കാനായില്ല

കൂടാതെ കരാറുകാരൻ തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ, പെർഫോർമെൻസ് ഗ്യാരണ്ടി അടവാക്കിയതിന്റെ വിവരങ്ങൾ തുടങ്ങിയവയൊന്നും ഫയലിൽ ലഭ്യമല്ല. മേൽ വിവരങ്ങളുടെ അഭാവത്തിൽ ചെലവുതുകയായ 1703870/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-3 മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ

തെക്കുംകര പഞ്ചായത്തിലെ 2016-17 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല

എസ്റ്റിമേറ്റിനോടൊപ്പം ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ, സൈറ്റിന്റെ പ്രത്യേകതകൾ, ആവശ്യകത, എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് നിരക്കുകൾ പ്രകാരം(SOR,DSR,MORD,MORth), എന്നിവയെല്ലാം വിശദമാക്കുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് നിർബന്ധമായും ഉണ്ടാവേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ മിക്ക പ്രവൃത്തികളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് വെച്ചിട്ടില്ല.

സൈറ്റ് ബോർഡ് സ്ഥാപിക്കുന്നില്ല.

11/1/16 ലെ ജി.ഒ.(എം.എസ്.) 4/2016/തസ്വഭവ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ നടക്കുന്ന സൈറ്റിൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനായി എസ്റ്റിമേറ്റിൽ തുക വകയിരുത്താവുന്നതുമാണ്. എന്നാൽ 2016-17 ലെ ഒരു പ്രവൃത്തിയിലും ഇത്തരത്തിൽ സൈറ്റ് ബോർഡ് സ്ഥാപിച്ചിട്ടില്ല.

<u>എസ്റ്റിമേറ്റിൽ ആസ്തി നമ്പർ ചേർക്കുന്നില്ല.</u>

എസ്റ്റിമേറ്റുകളിലൊന്നുംതന്നെ ആസ്തിരജിസ്റ്ററിലെ ആസ്തി നമ്പർ ചേർക്കുന്നില്ല. അതുകൊണ്ടുതന്നെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണെന്ന് ഉറപ്പാക്കാനാകുന്നില്ല. മാത്രമല്ല, റോഡ് പ്രവൃത്തികളിൽ റോഡിന്റെ നീളം,വീതി തുടങ്ങിയവയൊന്നും ആസ്തി രജിസ്റ്ററുമായി താരതമ്യം ചെയ്യാനാകുന്നില്ല.

<u>ഫയലുകൾ അപൂർണ്ണം</u>

മിക്ക പ്രവൃത്തികളിലും എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, സ്കെച്ച്, ടെണ്ടർ വിവരങ്ങൾ, കരാറുകാരൻ തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ,തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയതിന്റെ വിവരങ്ങൾ എന്നിവയില്ല. മരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റ് പരിശോധനക്ക് അത്യാവശ്യമായ മേൽ വിവരങ്ങളുടെ അഭാവത്തിൽ ഭാഗികമായ പരിശോധനമാത്രമേ സാധ്യമാകുന്നുള്ളൂ.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-4 <u>കൊളത്താഴം കുടിവെള്ള പദ്ധതി-മൂന്ന് വർഷത്തിനു ശേഷവും പൂർത്തീകരിച്ചില്ല.</u>

2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 4,98,944/- രൂപ ചെലവഴിച്ച് മേൽ പദ്ധതിക്കായി ഒരു തുറന്ന കിണർ നിർമ്മിച്ചിരുന്നു. എന്നാൽ മൂന്ന് വർഷത്തിനു ശേഷവും തുടർ പ്രവൃത്തികൾ നടത്തി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. പൊതു പണം പാഴാകാതിരിക്കാൻ എത്രയും വേഗം തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ഉപയോഗ്യയോഗ്യമാക്കേണ്ടതാണ്.

## 3-5 <u>ആസ്തികൾ ആർജിക്കുമ്പോൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.</u>

തെക്കുംകര പഞ്ചായത്തിന് നിലവിൽ 4 ഗ്രൗണ്ടുകൾ ഉണ്ട്.

1. തെക്കുംകര ഗ്രൗണ്ട്.

2. മണലിത്ര ഗ്രൗണ്ട്.

3. കരുമത്ര ഗ്രൗണ്ട്.

4. പുന്നംപറമ്പ് ഗ്രൗണ്ട്.

മുൻകാലങ്ങളിൽ വാങ്ങിയ ഈ ഗ്രൗണ്ടുകളിൽ മിക്കവയും വില്ലേജ് രേഖകൾ പ്രകാരം നിലം എന്ന ഗണത്തിൽ പെടുന്നവയാണ്. ഇവയിൽ പലതിനും നിലം നികത്തലിന് അനുമതിയില്ലാത്തവയും, അതേസമയം സ്ഥലം നികത്തി വരുന്നതുമാണ്. ഈ ഗ്രൗണ്ടുകളൊന്നും പഞ്ചായത്തിന് വേണ്ടത്ര ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. പൊതു ജനങ്ങൾക്ക് മാതൃകയാവേണ്ട പഞ്ചായത്ത് തന്നെ ഇപ്രകാരം

യഥാവിധി മേലധികാരികളിൽ നിന്നും അനുമതി നേടാതെ നിലം നികത്തുന്നതും, ഇത്തരത്തിൽ ആസ്തികളിൽ തുക നിക്ഷേപിക്കുന്നതും ശരിയായ പ്രവണതയല്ല.

ഇത്തരം സാഹചര്യത്തിലും മച്ചാട് ഗ്രൗണ്ടിന് സ്ഥലം വാങ്ങാനായി 2017-18 വർഷത്തെ പ്രോജക്ടിൽ 540000/- രൂപ വകയിരുത്തിയിട്ടുണ്ട്. ആവശ്യകത പൂർണ്ണമായി ഉറപ്പ് വരുത്തിയതിനു ശേഷം മറ്റ് നിയമ തടസ്സങ്ങളൊന്നുമില്ലാത്ത സ്ഥലം വാങ്ങാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പട്ടികവർഗ്ഗ മേഖല വികസനം -അവഗണിക്കപ്പെടുന്നു

2016-17 സാമ്പത്തിക വർഷം തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ പട്ടിക മേഖല വികസനത്തിനായി അസിസ്റ്റന്റ് എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ വച്ചതായി കാണുന്നു.

| പ്രൊജക്ട്/പ്രൊജക്ട് നം | വകയിരുത്തിയ തുക | | | ലഭ്യമായ തുക | ചെക്ക് നം. വിവരം |
|---|---|---|---|---|---|
| | വികസന ഫണ്ട് (ടി.എസ്.പി) | ബ്ലോക്ക് വിഹിതം | മെയിന്റനൻസ് റോഡ് (നോൺ റോഡ്) | | |
| പട്ടിക വർഗ്ഗ സേവന പാക്കേജ്(വേലി) പ്രൊജക്ട് നം 131/17 | 119901 | 78000 | - | 78438(ബ്ലോക്ക് വിഹിതം) | 25.03.2017ന് എസ്.ബിടി,പുന്നംപറമ്പ് 799011400000 അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് |
| ഗവ. ട്രൈബൽ സ്കൂൾ അഭിവൃദ്ധിപ്പെടുത്തൽ പ്രൊജക്ട് നം 15/17 | 136425 | 70000 | 93575 | 70000(ബ്ലോക്ക് വിഹിതം) | ഡിഡി നം 212220/31.03.2016 രസീതി നം 7160240003/15.04.2016 (തനതു ഫണ്ട് ) |

മേൽസൂചിപ്പിച്ച രണ്ടു പ്രൊജക്ടുകളിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കുകയോ ചെലവുചെയ്യുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കു ലഭിച്ച മറുപടിയിൽ വേലി എന്ന പ്രൊജക്ട് ടെണ്ടർ ചെയ്തിട്ടുണ്ട് എന്നും എഗ്രിമെന്റ് വെച്ചിട്ടുണ്ടെന്നുമാണ് .പ്രവൃത്തി തുടങ്ങിയിട്ടുമില്ല. ട്രൈബൽ സ്കൂൾ അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രൊജക്ടാണെങ്കിൽ ബിൽ ചെക്ക് മെഷർമെന്റിനു പോയിട്ടുള്ളു എന്നാണ് അതിനാലാണ് ചെലവു വന്നിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. പട്ടിക വർഗ്ഗമേഖലക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടും വികസന ഫണ്ട് പ്രൊജക്ട് പ്രകാരമുള്ളത് പിൻവലിച്ചിട്ടില്ല. പ്രൊജക്ടിൽ വകയിരുത്തിയ തുക മുഴുവനായും ചെലവഴിക്കാൻ ശ്രമം ഉണ്ടാവേണ്ടതും പട്ടികവർഗ്ഗ മേഖലയുടെ വികസനത്തിനായി പദ്ധതി ആവിഷ്കരിക്കുന്നതോടൊപ്പം നടപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-7 ആസ്തി രജിസ്ററർ കാലികമാക്കുന്നില്ല.

18/7/2013 ലെ ജി.ഒ.(എം.എസ്.) 255/2013/ത.സ്വ.ഭ.വ ഉത്തരവിൽ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കി സൂക്ഷിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിനായി വേണമെങ്കിൽ യോഗ്യരായ ഒന്നോ, രണ്ടോ പേരെ നിയമിക്കാമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്(ജി.ഒ.(ആർ.ടി.) 59/2012/തസ്വഭവ തീ.6/1/12).

തെക്കുംകര പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല.

2012 ന് ശേഷം സൃഷ്ടിക്കപ്പെട്ട ആസ്തികളൊന്നും തന്നെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി 2015-16 ൽ വട്ടായി ക്വാറി കുടിവെള്ള പദ്ധതിക്കായി വാങ്ങിയ 5 സെന്റ് സ്ഥലം, ഇതേ പദ്ധതിക്കായി 2016-17 വർഷത്തിൽ വാങ്ങിയ 20 സെന്റ് സ്ഥലം, വാഴാനി കുടിവെള്ള പദ്ധതിക്കായി 2016-17 വർഷത്തിൽ വാങ്ങിയ 20.50 സെന്റ് സ്ഥലം എന്നിവയൊന്നും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ തെറ്റുകളും കടന്നുകൂടിയിട്ടുള്ളതായി കാണുന്നു. ഉദാഹരണമായി, വാർഡ് 15 ൽ പനങ്ങാട്ടുകര സ്കൂളിനടുത്തായി 10 ആർ (ഏകദേശം 25 സെന്റ് ) സ്ഥലം ഉള്ളതായി ആസ്തി രജിസ്റ്ററിൽ നം.17301005000000001 ആയി ചേർത്തിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ ഇത്തരത്തിൽ ഒരു സ്ഥലം കണ്ടെത്താൻ സാധിച്ചില്ല.

അപാകതകൾ എല്ലാം പരിഹരിച്ച് നാളിതുവരെ ആർജിച്ച മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-8 ക്രിമറ്റോറിയം ഒരു വർഷത്തോളമായി പ്രവർത്തിക്കുന്നില്ല.

ലക്ഷങ്ങൾ ചെലവഴിച്ച് 2014 ൽ ഉദ്ഘാടനം നിർവഹിച്ച വാതകശ്മശാനം ഒരു വർഷത്തോളമായി പ്രവർത്തിക്കുന്നില്ല. വയറിംഗിലെ അപാകതമൂലമാണെന്ന് പറയുന്നു, ഒരു വർഷം മുൻപ് ശവം ദഹിപ്പിക്കുന്നതിനിടയിൽ വയറിംഗ്, മോട്ടോർ എന്നിവ കത്തിപ്പോവുകയായിരുന്നു. കോസ്റ്റ്ഫോർഡ് നിർമ്മിച്ച പ്രസ്തുത ശ്മശാനം കേവലം രണ്ട് വർഷം കൊണ്ടുതന്നെ പ്രവർത്തനരഹിതമായി. കോസ്റ്റ്ഫോർഡിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും ഇതുവരേയും കേടുപാടുകൾ തീർത്ത് ശ്മശാനം ഇനിയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ക്രിമിറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കാത്തതിനാൽ കോസ്റ്റ് ഫോർഡുമായുണ്ടാക്കിയ കരാർ പരിശോധിക്കാനായില്ല. കരാർ കാലാവധി അവസാനിച്ചിട്ടില്ലെങ്കിൽ ആയതുപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ, ആസ്തി രജിസ്റ്റർ പ്രകാരം ശ്മശാനത്തിൽ 125 തേക്ക് മരങ്ങളും 10 മറ്റ് മരങ്ങളും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ 50ൽ താഴെ തേക്ക് മരങ്ങൾ മാത്രമാണ് കണ്ടത്. കണ്ട മരങ്ങളിൽ മിക്കവയും വലിയ മരങ്ങളാണ്. ആയതുകൊണ്ടുതന്നെ മറ്റ് മരങ്ങൾക്ക് എന്തു സംഭവിച്ചെന്ന് കണ്ടെത്തേണ്ടതും, നിയമപ്രകാരം മുറിച്ച് മാറ്റിയതാണെങ്കിൽ ആസ്തി രജിസ്റ്ററിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുമാണ്.

## 3-9 തെരുവ് വിളക്ക് പരിപാലനം- അപാകതകൾ

തെരുവ് വിളക്കുകൾക്കായി 2016-17 വർഷത്തിൽ 8 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോ.നം./പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | പ്രോ. നം.85/17-തെരുവ് വിളക്ക്-സി.എഫ്.എൽ. റിപ്പയർ | 400000/- | 392850/- |
| 2. | പ്രോ.നം.87/17-തെരുവ് വിളക്ക്-ട്യൂബ് റിപ്പയർ | 100000/- | 100000/- |
| 3. | പ്രോ.നം.88/17-തെരുവ് വിളക്ക്-(ട്യൂബ്,ഡബിൾ ട്യൂബ്,എൽഇഡി) സ്ഥാപിക്കൽ | 653500/- | 629212/- |
| 4. | പ്രോ.നം.89/17-പട്ടികജാതി | 200000/- | 198285/- |

| | | | |
|---|---|---|---|
| | കോളനികളിൽ തെരുവ് വിളക്കുകൾക്കായി സ്ട്രീറ്റ് മെയിൻ വലിക്കൽ | | |
| 5. | പ്രോ.നം.91/17-തെരുവ് വിളക്കുകൾക്കായി ട്യൂബ് ലൈറ്റ്, ജംഗ്ഷൻ ബോക്സ് അനുബന്ധ സാമഗ്രികൾ വാങ്ങൽ | 150000/- | 149919/- |
| 6. | പ്രോ.നം.92/17-പട്ടികജാതി കോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 300000/- | 299860/- |
| 7. | പ്രോ.നം.100/17-തെരുവ് വിളക്കുകൾക്കായി സ്ട്രീറ്റ് മെയിൻ വലിക്കൽ- ജനറൽ | 569677/- | 568243/- |
| 8. | പ്രോ.നം.206/17-തെരുവ് വിളക്കുകൾ - സി.എഫ്.എൽ റിപ്പയർ രണ്ടാംഘട്ടം | 300000/- | 296280/- |
| | ആകെ | | 26,34,649/- |

തെരുവ് വിളക്കുകൾ റിപ്പയറിനായി ടെണ്ടർ ക്ഷണിക്കുമ്പോൾ വിളക്കൊന്നിന് എത്ര രൂപ എന്നതാണ് ക്വാട്ട് ചെയ്യേണ്ടത്. എന്നാൽ പഞ്ചായത്തിൽ ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന എണ്ണത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ് ചെയ്തു വരുന്നത്. കൂടാതെ ഓരോ പദ്ധതിക്കും എത്ര തുക വകയിരുത്തണമെന്നപോലും പഞ്ചായത്തിന് കൃത്യമായി കണക്കാക്കാൻ സാധിക്കുന്നില്ല. ഒരു പ്രോജക്ടിന് വകയിരുത്തിയ തുക മതിയാകാതെ വരുമ്പോൾ രണ്ടാം ഘട്ടമായി മറ്റൊരു പദ്ധതി ആവിഷ്കരിക്കുന്നു. ഇത് ശരിയായ ആസൂത്രണ രീതിയല്ല. ആയതുകൊണ്ടുതന്നെ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം ഇനം തിരിച്ച് കണക്കാക്കേണ്ടതും, അതുപ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്. പൊതുപണം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് ഇത് അത്യാവശ്യമാണ്.

## 3-10- ഫ്രണ്ട് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ വാങ്ങൽ– ആവശ്യകത പരിഗണിച്ചില്ല.

പ്രോജക്ട് നം. 186/17

നി. ഉദ്യോഗസ്ഥൻ: സെക്രട്ടറി.

ട്രഷറി ബിൽ നം. ഇല്ല /13-3-17 Rs.96500/-

മേൽ പദ്ധതിക്കായി 96500/- രൂപ ചെലവഴിച്ച് ഒരു ഹൈസ്പീഡ് സ്കാനർ ഫ്രണ്ട് ഓഫീസിലേക്ക് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സ്കാനറിന്റെ സ്പെസിഫിക്കേഷൻ, അനുവദനീയമായ തുക എന്നിവ സംബന്ധിച്ച യാതൊരു ഉത്തരവുകളും ലഭ്യമാക്കിയില്ല. ഫ്രണ്ട് ഓഫീസിൽ വരുന്ന അപേക്ഷകളും അതിനോടൊപ്പമുള്ള രേഖകളും സ്കാൻ ചെയ്ത് കമ്പ്യൂട്ടറുകളുമായി ബന്ധിപ്പിച്ച് സൂക്ഷിക്കുന്നതിനുവേണ്ടിയാണ് ഇത് വാങ്ങിയത്. എന്നാൽ പഞ്ചായത്തിലെ ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റുമായി സംസാരിച്ചതിൽ പഞ്ചായത്തിൽ വാങ്ങിയിട്ടുള്ള സ്കാനർ എ3 പേപ്പർ സപ്പോർട്ട് ചെയ്യില്ല എന്നാണ് അറിയിച്ചത്. ആയതുകൊണ്ടുതന്നെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളോടൊപ്പം

ഹാജരാക്കുന്ന പ്ലാൻ, സ്കെച്ച് തുടങ്ങിയവയൊന്നും സ്കാൻ ചെയ്യാൻ സാധിക്കുകയില്ല.

ആയതിനാൽ പൂർണ്ണമായി ഉപയോഗപ്പെടാത്ത സ്കാനർ വാങ്ങാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

# 3-11 രോഗപ്രതിരോധ മെഡിക്കൽ ക്യാമ്പ്-ആയുർവേദം

പ്രൊജക്റ്റ് നമ്പർ 136/2017

അടങ്കൽ 50000

ചെലവ് 50000

ചെക്ക് നമ്പർ 0440675/9-11-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, ആയുർവേദം.

2016-17 സാമ്പത്തിക വർഷത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിൽ രോഗപ്രതിരോധ മെഡിക്കൽ ക്യാമ്പ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 0440675/9-11-2016 ട്രഷറി ചെക്ക് പ്രകാരം ആയുർവേദ മെഡിക്കൽ ഓഫീസർക്ക് 50000/- രൂപ കൈമാറിയിരുന്നു. അതിൽ 30000/- രൂപ പ്രതിരോധ മരുന്നുകൾ വാങ്ങാൻ നല്കിയിരുന്നു. 19-12-2016, 19-1-2017, 15-2-2017 എന്നീ തിയ്യതികളിലായി മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട് . ബാക്കിയുള്ള 20000/- രൂപ എസ്.ബി.ടി പുന്നമ്പറമ്പ് ശാഖയിൽ 67055129423 നം അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. 30000 രൂപയ്ക്ക് വാങ്ങിയ മരുന്നുകൾ ക്യാമ്പ് നടത്തി വിതരണം ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയും പ്രകാരം മറുപടി നല്കിയിരിക്കുന്നു.

രോഗപ്രതിരോധ മെഡിക്കൽ ക്യാമ്പ് സാധാരണ മഴക്കാലത്തോടനുബന്ധിച്ചാണ് നടത്താറുള്ളത്. തെക്കുംകര ഗ്രാമ പഞ്ചായത്തിനോടു കൂടി ആലോചിച്ച് ജൂലൈ ആദ്യവാരത്തോടുകൂടി ക്യാമ്പ് നിശ്ചയിച്ചിരിക്കുകയാണ് . 2016-17 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്നും ലഭിച്ച 50000 രൂപയിൽ 30000 രൂപ ഔഷധിയിൽ നിന്നും മരുന്ന് വാങ്ങിക്കുകയും ബാക്കിയുള്ള 20000 രൂപ SBI A/C No.67055129423 പുന്നംപറമ്പിൽ നിക്ഷേപിക്കുകയും ടി തുക രോഗപ്രതിരോധ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിലേയ്ക്ക് ഉള്ള ചിലവുകൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നതാണ് എന്നാണ്.

ഒരു സാമ്പത്തിക വർഷത്തിൽ പിൻവലിച്ച തുക ആ സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിക്കേണ്ടതാണ് . തുക പിൻവലിച്ച് ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആവശ്യമുള്ളപ്പോൾ മാത്രം തുക പിൻവലിക്കുക.

# 3-12 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ

പ്രൊജക്റ്റ് നമ്പർ 133/2017

അടങ്കൽ 200000

ചെലവ് 200000

ബിൽ നമ്പർ 1/2016-17 തിയ്യതി 22-12-2017

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹോമിയോ മെഡിക്കൽ ഓഫീസർ

2016-17 സാമ്പത്തിക വർഷത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 200000 രൂപ 1/2016-17

തിയ്യതി 22-12-2016 ബിൽ പ്രകാരം തുക മാറിയെടുക്കുകയും 340956/22-12-2016 നം ഡി ഡി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകുകയും ചെയ്തു. 27-12-2016 ന് തുക കൈപ്പറ്റിയിട്ടുമുണ്ട്. എന്നാൽ നാളിതുവരെയായിട്ടും 200000 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയും പ്രകാരം മറുപടി നല്കിയിരിക്കുന്നു.

2016-17 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 200000 രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനായി D D, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നല്കിയിട്ടുണ്ട് . എന്നാൽ മരുന്നുകൾ ലഭിക്കുന്നതിനുള്ള കാലതാമസം എല്ലാ മാസങ്ങളിലും നടക്കുന്ന ഡി.എം.ഒ കോൺഫറൻസിൽ റിപ്പോർട്ട് ചെയ്യുകയും അവിടെ നിന്ന് ഹോംകോയിൽ അറിയിക്കുകയും ചെയ്യുന്നുണ്ട് . ഹോംകോ എം.ഡി നേരിട്ട് പങ്കെടുത്ത മീറ്റിങ്ങിൽ ഇക്കാര്യം അവതരിപ്പിച്ചപ്പോൾ സംസ്ഥാനമൊട്ടാകെ നിന്നുള്ള ഓർഡറുകൾ എത്തിക്കാനുള്ള സ്റ്റാഫിന്റെ കുറവ് ഉണ്ടെന്ന് അറിയിക്കുകയുണ്ടായി . പുതിയ കെട്ടിടവും നിർമ്മാണത്തിലാണെന്നും അതിന്റെ പ്രവർത്തനം ആരംഭിച്ചാൽ കാലതാമസമില്ലാതെ സമയാസമയങ്ങളിൽ മരുന്നുകൾ ലഭ്യമാക്കാൻ കഴിയുമെന്നും, 2016-17 വർഷത്തെ മരുന്നുകൾ എത്രയും പെട്ടെന്ന് എത്തിക്കാൻ ശ്രമിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി എന്നാണ്.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 ഹെഡ്മിസ്ട്രസ് ഗവൺമെന്റ് എൽ.പി. സ്കൂൾ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

ഹെഡ്മിസ്ട്രസ് ഗവൺമെന്റ് എൽ.പി. സ്കൂൾ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

3-13-1) പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപ്പത്രം ഹാജരാക്കിയിട്ടില്ല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) 2016-17 വാർഷിക പദ്ധതി, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ, 11-01-2016ലെ സർക്കാർ ഉത്തരവ്(എം.എസ്)നമ്പർ: 4/2016/ തസ്വഭവ, അനുബന്ധം:15 ഖണ്ഡിക 6-8-ൽ പറഞ്ഞിരിക്കുന്ന താഴെ പറയുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കാനുദ്ദേശിച്ചിരിക്കുന്ന പ്രോജക്ടുകളിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക്, ഈ കാര്യത്തിനായി പട്ടികജാതി വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സിൽ നിന്നോ ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത ആനുകൂല്യത്തിന് അർഹതയില്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന പ്രോജക്ടുകളിൽ ഇപ്രകാരമുള്ള ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയ അപേക്ഷയോടൊപ്പം ഇല്ലാത്തതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക (₹) |
|---|---|---|---|
| 1 | 148/17 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങിനല്കൽ | 1,87,560 |
| 2 | 150/17 | പട്ടിക ജാതി ആൺ വിദ്യാർത്ഥികൾക്ക് | 93,336 |

| | | | |
|---|---|---|---|
| | | സൈക്കിൾ വാങ്ങിനല്കൽ | |
| 3 | 151/17 | പട്ടിക ജാതി പെൺ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിനല്കൽ | 2,19,956 |
| 4 | 155/17 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങിനല്കൽ | 1,44,000 |
| 5 | 156/17 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജിൽ പഠന സഹായം | 1,50,000 |

മാർഗ്ഗരേഖയിൽനിർദ്ദേശിക്കുന്ന രേഖകൾ നിർബ്ബന്ധമായും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതും, അർഹർക്ക് മാത്രം ആനുകൂല്യം അനുവദിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതും അനിവാര്യമാണ്. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3-13-2) കുറവ് തുക ക്വാട്ട്ചെയ്തവരെ വ്യക്തമായ കാരണം കാണിയ്ക്കാതെ ഒഴിവാക്കി

ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങിനല്കൽ, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിനല്കൽ, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങിനല്കൽ എന്നീ പ്രോജക്ടുകളിൽ കളിയുപകരണങ്ങൾ, ഫർണീച്ചർ, സൈക്കിൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടറുകളിൽ ഏറ്റവും കുറവു തുക ക്വട്ട്ചെയ്തവരെ വ്യക്തമായ കാരണം കാണിയ്ക്കാതെ ഒഴിവാക്കിയിരിയ്ക്കുന്നു. ഈ കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിലെ പ്രൊക്യുയർമെന്റ് കമ്മറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കില്ല , വിലകുറച്ച് ക്വാട്ട് ചെയ്തതുമായും, സ്വീകരിച്ചതുമായ ടെണ്ടറിലെ കളിയുപകരണങ്ങളുടെയോ, സൈക്കിളിന്റെയോ, ഫർണീച്ചറിന്റെയോ ഗുണമേന്മയിലെ മികവ് സംബന്ധിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങിനല്കൽ എന്ന പ്രോജക്ടിൽ, ടെണ്ടർ ആംഗീകരിച്ചു കൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ പകർപ്പ് പരിശോനയ്ക്ക് ഹാജരാക്കിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 155/17 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങിനല്കൽ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേരു വിവരം | ടേബിൾ (സ്റ്റീൽ) | ചെയർ (ഫൈബർ) | ചെയർ (സ്റ്റീൽ) | | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | രാജധാനി, ചെർപ്പുളശ്ശേരി | Steel table with Steel chair (1unit) | | | 4000 | സ്വീകരിച്ചു |
| 2 | കേരള ആർട്ടീസാൻസ് ഡെവലപ്പ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി, | 18gage -₹3000/- | | 16gage -₹1400/- | 4400 | നിരസിച്ചു |
| | | 20gage | | 18gage | 3500 | |

| | | | | | | |
|---|---|---|---|---|---|---|
| | കോഴിക്കോട് | -₹2500/- | | -₹1000/- | | |
| 3 | ഇംപാക്ട് മലപ്പുറം | ₹2400/- | Nilkamal-₹400/-<br>Comfort-₹450/-<br>Sunday-₹450/-<br>Sun board-₹450/-<br>Nation-₹240/-<br>Friendly-₹239/- | | 3800 | നിരസിച്ചു |
| 4 | ഫിഡ്കോ എൻടപ്രൈസസ് | 20gage -₹2422/- | | Steel Chair with cussion 16gage -₹1222/- | 3644 | നിരസിച്ചു |
| | | 18gage -₹2722/- | | Steel Chair with cussion 18gage -₹922/- | 3644 | |

പ്രോജക്ക്റ്റ് നമ്പർ 150/17 പട്ടികജാതി (ആൺ) വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിനല്കൽ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേരു വിവരം | HERO | BSA | DNS | V-STAR | DIVINE | A-ONE | HERO SPRIT | DIOLE | DIALE SHOCK | REMARKS |
|---|---|---|---|---|---|---|---|---|---|---|---|
| 1 | രാജ് മാർക്കറ്റിംഗ്സ് കരുനാഗപ്പിള്ളി | 3825 | 3980 | 3730 | 3699 | 3625 | - | - | - | - | നിരസിച്ചു |
| 2 | മുരളി സൈക്കിൾ മാർട്സ്, കരുനാഗപ്പിള്ളി | 3795 | 3889 | 3699 | 3650 | 3595 | - | - | - | - | സ്വീകരിച്ചു, HERO |
| 3 | സഫാരി സൈക്കിൾ, | 3830 | - | - | - | - | 4135 | 5400 | 3775 | 4500 | നിരസിച്ചു |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | മലപ്പുറം | | | | | | | | | | |
| 4 | ഇംപാക്ട് സൈക്കിൾ, മലപ്പുറം | 4500 | 4500 | - | - | - | - | - | - | - | നിരസിച്ചു |

പ്രോജക്ട് നമ്പർ 151/17 പട്ടികജാതി (പെൺ) വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിനല്കൽ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേരു വിവരം | HERO | BSA Lady Bird | DNS | V-STAR | DIVINE | A-ONE | HERO Pital | DIOLE | DIALE SHOCK | REMARKS |
|---|---|---|---|---|---|---|---|---|---|---|---|
| 1 | മുരളി സൈക്കിൾ മാർട്സ്, കരുനാഗപ്പിള്ളി | 3898 | 4999 | 3810 | 3699 | 3650 | - | - | - | - | സ്വീകരിച്ചു, BSA Lady Bird |
| 2 | സഫാരി സൈക്കിൾ, മലപ്പുറം | 3925 | - | - | - | - | 4200 | 4900 | 3790 | 4440 | നിരസിച്ചു |
| 3 | രാജ് മാർക്കറ്റിംഗ്സ് കരുനാഗപ്പിള്ളി | 3920 | 5790 | 3825 | 3725 | 3698 | - | - | - | - | നിരസിച്ചു |
| 4 | ഇംപാക്ട് സൈക്കിൾ, മലപ്പുറം | 5900 | 5900 | - | - | - | - | - | - | - | നിരസിച്ചു |

പ്രോജക്ട് നമ്പർ 152/17 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങിനല്കൽ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേരു വിവരം | | Foot Ball | Volleyball | NET | CARROMS BOARD | SHUTTLE NET | SHUTTLE BAT & COCK | ആകെ | REMARKS |
|---|---|---|---|---|---|---|---|---|---|---|
| 1 | ഇംപാക്ട് എന്റർപ്രൈസസ് മലപ്പുറം | | 1No. | 1No. | 1No. | 2No. | 1No. | 1No. | ₹4000/- | നിരസിച്ചു |
| 2 | രാജ് മാർക്കറ്റിംഗ്സ് കരുനാഗപ്പിള്ളി | 1 | 460 | 440 | 410 | 1400 | 180 | 200, cock320 | ₹3410 | നിരസിച്ചു |
| | | 2 | 550 | 450 | 400 | 1500 | 200 | 500cock400 | ₹4000 | സ്വീകരിച്ചു |

**3-13-3) പ്രോജക്ട് നമ്പർ:152/2017 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല.**

പ്രോജക്ട് നമ്പർ:152/2017 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന പ്രോജക്ടിൽ, 25 കിറ്റ് സ്പോർട്സ് ഉപകരണങ്ങൾ, 25 ക്ലബ്ബുകൾക്ക് നല്കുന്നതിനായാണ് വിഭാവനം ചെയ്തിരുന്നത്, എന്നാൽ 18 ക്ലബ്ബുകൾക്ക് മാത്രമാണ് സ്പോർട്സ് കിറ്റ് നല്കിയിരിക്കുന്നത്. ബാക്കി വരുന്ന ഏഴ് സ്പോർട്സ് കിറ്റ്, ഓഡിറ്റ് നടത്തിയ ദിനങ്ങളിലും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. സ്പോർട്സ് കിറ്റ് ഗുണഭോക്താക്കൾക്ക്

വിതരണം ചെയ്യാത്തതിലുള്ള കാരണം അറിയിക്കേണ്ടതാണ്.

മേൽ വിവരിച്ചവ സംബന്ധിച്ച 23-06-2017ലെ 19-ാം നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭിക്കുകയുണ്ടായില്ല.

## 3-14 വി.ഇ.ഓ തെക്കുംകര നടപ്പിലാക്കിയ പ്രോജക്റ്റുകൾ

വി.ഇ.ഓ തെക്കുംകര നടപ്പിലാക്കിയ താഴെപറയുന്ന ഭവനനിർമ്മാണ പ്രോജക്റ്റുകളിൽ ഭവനനിർമ്മാണത്തിനുള്ള ഗഡുക്കൾ അനുവദിച്ചിട്ടും ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തവരുടെ പട്ടിക താഴെ കൊടുക്കുന്നു. ഇവരുടെ പേരിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരുവിവരം | പ്രോജക്റ്റിന്റെ പേര് | ആകെ അനുവദിച്ച തുക | അവസാന ഗഡു അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | 46,പുഷ്പലത,w/o. ബാലചന്ദ്രൻ പാലിശ്ശേരി താഴത്തുവളപ്പിൽ വീട് തെക്കുംകര (പി.ഓ) | സമ്പൂർണ്ണ ഭവനം | 60,000 | 09-01-2014 |
| 2 | 118,ചന്ദ്രിക,w/o.രാധാകൃഷ്ണൻ പിശാന്തിപുഞ്ചയിൽ വീട്,വാഴാനി | സമ്പൂർണ്ണ ഭവനം | 35,000 | 22-04-2014 |
| 3 | സൂസമ്മw/o.തങ്കപ്പൻ, കിഴക്കൻ ചിറയിൽ, വേങ്ങലക്കുണ്ട്, കട്ടിലപ്പൂവ്വം-680 028 | ഭവനനിർമ്മാണം (ജനറൽ) | 60,000 | 28-03-2017 |
| 4 | രാധ w/o.ഇട്ടിയ്ക്കൻ, നമ്പ്രത്ത് വീട്, വിരുപ്പാക്ക | ഭവനനിർമ്മാണം (ജനറൽ) | 1,40,000 | 28-03-2017 |
| 5 | രുഗ്മിണി അമ്മ,w/o. പത്മനാഭൻ നായർ, ഈച്ചരത്ത് വീട്, കരുമത്ര, പാറപ്പുറം. | ഭവനനിർമ്മാണം (ജനറൽ) | 1,40,000 | 28-03-2017 |

ഇതു സംബന്ധിച്ച 23-06-2017ലെ 20-ാം നമ്പർ എൻക്വയറിയ്ക്ക് മറുപടിനല്കുകയുണ്ടായില്ല.

## 3-15 ആശ്രയ ഫണ്ട് നിഷ്ക്രിയമായി കിടക്കുന്നു

തെക്കുകര ഗ്രാമ പഞ്ചായത്തിലെ ആശ്രയ പദ്ധതികൾക്കായി പരിപാലിച്ചുവരുന്ന എസ്.ബി.ടി പുന്നംപറമ്പ് ശാഖയിലുള്ള 67057898363 എന്ന അക്കൗണ്ടിൽ 31.03.2017 ന് 33113975 രൂപ ചെലവഴിക്കാതെ ബാലൻസ് ഉള്ളതായി കാണുന്നു. 2016-17 സാമ്പത്തിവർഷം അക്കൗണ്ടിൽ ബാലൻസ് നിൽക്കുന്ന ചെലവഴിക്കാത്ത തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം | ഫണ്ടിനം | ബാലൻസ് തുക |
|---|---|---|

| | | |
|---|---|---|
| 1 | ചലഞ്ച് ഫണ്ട് | 370140 |
| 2 | പഞ്ചായത്ത് പ്ളാൻ ഫണ്ട് | 2827193 |
| 3 | ബാങ്ക് പലിശ | 146642 |
| 4 | ആകെ | 3343975 |

ഏറ്റവും താഴെക്കിടയിൽ കിടക്കുന്നവർക്കായി ചെലവഴിക്കേണ്ട തുക നിഷ്ക്രിയമായി കിടക്കുന്നത് ഒഴിവാക്കേണ്ടതും നിലവിലുള്ള പദ്ധതി പ്രവർത്തനത്തിന് സത്വരം ഉപയോഗപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാർ സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.

## 3-16 മെഡിക്കൽ ഓഫീസർ മുൻകൂർ ക്രമീകരിച്ചിട്ടില്ല

മഴക്കാല പൂർവ്വ പ്രതിരോധപ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫിസർ പി.എച്ച്.സി.യ്ക്ക് ₹ 1,80,000/- (ട്രഷറി സേവിംങ്ങസ് ബാങ്ക് ചെക്ക് നമ്പർ:44064 തിയ്യതി:16-03-2017) മുൻകൂറായി അനുവദിച്ചിരിയ്ക്കുന്നു. എന്നാൽ ഓഡിറ്റ് തീരുന്ന തിയ്യതി വരെ പ്രസ്തുത തുക, ചെലവു രേഖകൾ ഹാജരാക്കി ക്രമീകരിച്ചിട്ടില്ലാത്തതാണ്.

## 3-17 അംഗനവാടികളുടെ ഭൗതിക സാഹചര്യം

തെക്കുംക ഗ്രാമ പഞ്ചായത്ത് അംഗനവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | മണലൂർ ഗ്രാമ പഞ്ചായത്തിലെ അംഗനവാടികളുടെ എണ്ണം | 28 | |
| 2 | അംഗനവാടി കുട്ടികളുടെ എണ്ണം (അംഗനവാടി തിരിച്ച്) | 461 | |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 28 | |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | - | |
| 5 | അംഗനവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചിനീയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 17-11-2016 തിയ്യതിയിൽ ICDS സൂപ്പർവൈസർ അപേക്ഷ നല്കിയെങ്കിലും (രശീതിനമ്പർ: A3-7438/ dt. 17-11-17) അംഗനവാടി | ഈ നടപടി 30-12-2016ലെ തദ്ദേശ സ്വയം ഭരണം(ഇ.ഡബ്ള്യൂ) വകുപ്പ് സർക്കുലർ 792455/ഇ.ഡബ്ള്യൂ3 /2016/ത.സ്വ.ഭ.വയിലെ നിർദ്ദേശത്തിന്റെ ലംഘനമാണ് |

| | | | |
|---|---|---|---|
| | | കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചിനീയർ സാക്ഷ്യപത്രം നല്കിയിട്ടില്ല | |
| 6 | ശൗച്യാലയങ്ങളുള്ളത് | 28 | |
| 7 | ചുറ്റമതിലുള്ളത് | 10 | |
| 8 | വൈദ്യുതീകരിച്ചത് | 25 | |
| 9 | വാട്ടർ കൺക്ഷനുള്ളത് | 4 | |
| 10 | ധാന്യ സംഭരണിയുള്ളത് | 28 | |
| 11 | എൽ.പി.ജി. കൺക്ഷനുള്ളത് | 28 | |
| 12 | ബേബി ഫ്രണ്ടിലിയായത് | 20 | |
| 13 | 31-03-2017 തിയ്യതിയിൽ അംഗണവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുദിച്ച തുകയിൽ, ഗ്രാമ പഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക | ₹ 5,17,513/- | |

# 3-18 ആശ്രയ പദ്ധതി -അവലോകനം

| ക്രമ നം | ഇനം | 2 nd പ്രൊജക്ട് |
|---|---|---|
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | 72 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 118 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 4 |
| 4 | നാളിതുവരെ ലഭിച്ചവർ | 1 |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 19 |
| 6 | നാളിതുവരെ ലഭിച്ചവർ | 6 |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 23 |
| 8 | നാളിതുവരെ ലഭിച്ചവർ | 2 |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | 1 |

| | | |
|---|---|---|
| 10 | നാളിതുവരെ ലഭിച്ചവർ | 0 |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 130 |
| 12 | നാളിതുവരെ ലഭിച്ചവർ | 0 |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതീകരണം ആവശ്യമുള്ളവർ | 0 |
| 14 | നാളിതുവരെ ലഭിച്ചവർ | 0 |
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം , മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുബങ്ങൾ വ്യക്തികൾ | 72 |
| 16 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നൽകുന്ന കുടുബങ്ങൾ വ്യക്തികൾ | 62 |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെയുള്ള വരവ് | 4723882 |
| 18 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെയുള്ള ചെലവ് | 1379907 |
| 19 | നീക്കിയിരുപ്പ് | 3343975 |
| 20 | ചെലവ് ശതമാനം | 29% |

## 3-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തെക്കുംകര ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | | |
|---|---|---|
| 1 | 2016-17 വർഷത്തെ മൊത്തം അടങ്കൽ | 52895000 |
| 2 | 2016-17 വർഷത്തെ മുൻ ബാക്കി | 462 |
| 3 | 2016-17 വർഷത്തെ ആകെ വരവ് | 48120438 |
| 4 | 2016-17 വർഷത്തെ ആകെ ചെലവ് | 48119188 |
| 5 | 2016-17 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 1250 |
| 6 | 2016-17 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | 324 |
| 7 | 2016-17 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 324 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 4973 |
| 9 | 2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | ആകെ- 110093(സ്ത്രീ - 104286,പുരുഷൻ -5807 |

| | | |
|---|---|---|
| | | ) |
| 10 | 2016-17 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 2060 |
| 11 | 2016-17 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 166 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17വർഷത്തിൽ വിതരണം ചെയ്ത വേതനം | 32354794 |
| 13 | 2016-17 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | 62 road |

പദ്ധതികൾ സംബന്ധിച്ച വിശദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | 12 | 1119630 |
| 2 | വരൾച്ച തടയൽ , വനവത്കരണം | 5 | 79860 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 85 | 13079910 |
| 5 | പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ സംരക്ഷണം | 52 | 937178 |
| 6 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | - | - |
| 7 | ഭൂവികസനം | 92 | 15960128 |
| 8 | മറ്റുള്ളവ | 78 | 15362230 |
| | ആകെ | 324 | 46538936 |

വേതനം കുടിശ്ശിക

തെക്കുംകര ഗ്രാമ പഞ്ചായത്തിൻറെ MGNREGS ൽ 180 മസ്റ്റർ റോളുകളിലായി 7300000/- രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്ക് ലഭിക്കാനുണ്ട്.

# 3-20 വട്ടായി ക്വാറി കുടിവെള്ള പദ്ധതി - കിണർ നിർമ്മാണം

**-ഫയൽ ലഭ്യമാക്കിയില്ല.**

വട്ടായി ക്വാറി കുടിവെള്ള പദ്ധതിക്കായി 2016-17 വർഷത്തിൽ എം.പി. ഫണ്ടുപയോഗിച്ച് ഏകദേശം 30 ലക്ഷം രൂപ ചെലവിൽ 10x10x15m വലിപ്പമുള്ള കിണർ നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡണ്ട്, അസി. എഞ്ചിനീയർ എന്നിവരുമായി സംസാരിച്ചതിൽ കിണർ നിർമ്മാണത്തിനായി പാറ പൊട്ടിക്കുകയും, ഇപ്രകാരം ലഭിച്ച റബ്ബിൾ ടെണ്ടർ ചെയ്ത് വില്പന നടത്തിയതായും അറിഞ്ഞു. ഇതുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 110000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 110000 | - |
| | | 220000 | ക്ഷീര സംഘങ്ങൾ വഴി പാലിന് സബ്സിഡി | 220000 | - |
| | | 78438 | പട്ടിക വർഗ്ഗ വികസന പാക്കേജ് (വേലി) | 0 | 78438 |
| തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 2016-17 | 187500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 187500 | - |

മേൽ സൂചിപ്പിച്ച ബാലൻസ് തുക കൂടാതെ വാർഷിക ധനകാര്യ പത്രിക പ്രകാരം ( 176438=148438 + 28000)/- സംയുക്ത പ്രൊജക്ടുകളുടെ ചെലവു കഴിഞ്ഞ് ബാലൻസ് നിൽക്കുന്നു. ഈ തുക സംബന്ധിച്ച് വിവരം പഞ്ചായത്തിൽ നിന്ന് ലഭ്യമല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB മുളങ്കുന്നത്തുകാവ് | 100/17 സ്ട്രീറ്റ് മെയിൻ വലിക്കൽ | 21600976 | 279575 | 0 | പൂർത്തികരിച്ചില്ല | 279575 |

| | | | | | | |
|---|---|---|---|---|---|---|
| KSEB വടക്കാഞ്ചേരി | 100/17 സ്ട്രീറ്റ് മെയിൻ വലിക്കൽ | 21600979 | 112000 | 0 | പൂർത്തികരിച്ചില്ല | 112000 |
| KSEB വടക്കാഞ്ചേരി | 100/17 സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601006 | 110518 | 0 | പൂർത്തികരിച്ചില്ല | 110518 |
| KSEB പുന്നംപറമ്പ് | 88/17 സ്ട്രീറ്റ്മെയിൻ വലിക്കൽ100/17 സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601008 | 5940 | 0 | പൂർത്തികരിച്ചില്ല | 5940 |
| KSEB വടക്കാഞ്ചേരി | 88/17 സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601009 | 772 | 0 | പൂർത്തികരിച്ചില്ല | 772 |
| KSEB പുന്നംപറമ്പ് | 100/17 സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601011 | 61334 | 0 | പൂർത്തികരിച്ചില്ല | 61334 |
| KSEB വടക്കാഞ്ചേരി | പട്ടികജാതി കോളനികളിൽ തെരുവു വിളക്ക് സ്ഥാപിക്കൽ സൂപ്പർവിഷൻചാർജ് | 21601084 | 1218 | 0 | പൂർത്തികരിച്ചില്ല | 1218 |
| KSEB പുന്നംപറമ്പ് | 89/17 പട്ടി ജാതി കോളനികളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 2160112 | 198285 | 0 | പൂർത്തികരിച്ചില്ല | 198285 |
| KSEB മുളങ്കുന്നത്തുകാവ് | 92/17പട്ടികജാതി കോളനികളിൽ തെരുവു വിളക്ക് സ്ഥാപിക്കൽ സൂപ്പർവിഷൻ ചാർജ് | 21601134 | 752 | 0 | പൂർത്തികരിച്ചില്ല | 752 |
| KSEB പുന്നംപറമ്പ് | 92/17പട്ടികജാതി കോളനികളിൽ തെരുവു വിളക്ക് സ്ഥാപിക്കൽ സൂപ്പർവിഷൻ ചാർജ് | 21601135 | 1485 | 0 | പൂർത്തികരിച്ചില്ല | 1485 |
| KSEB പുന്നംപറമ്പ് | 92/17പട്ടികജാതി കോളനികളിൽ തെരുവു വിളക്ക് സ്ഥാപിക്കൽ സൂപ്പർവിഷൻ ചാർജ് | 21601158 | 1755 | 0 | പൂർത്തികരിച്ചില്ല | 1755 |
| KSEB പുന്നംപറമ്പ് | 100/17 സ്ട്രീറ്റ് മയിൻ വലിക്കൽ | 21601171 | 4816 | 0 | പൂർത്തികരിച്ചില്ല | 4816 |
| KSEB | എക്സിക്യൂട്ടീവ് എൻജിനീയർ കേരള വാട്ടർ അതോറിറ്റി , തൃശ്ശൂർ | 21601073 | 65000 | 0 | പൂർത്തികരിച്ചില്ല | 65000 |
| KSEB | എക്സിക്യൂട്ടീവ് എൻജിനീയർ കേരള വാട്ടർ അതോറിറ്റി , തൃശ്ശൂർ | 21600978 | 100000 | 0 | പൂർത്തികരിച്ചില്ല | 100000 |
| KSEB | എക്സിക്യൂട്ടീവ് എൻജിനീയർ | 21601057 | 400000 | 0 | പൂർത്തികരിച്ചില്ല | 400000 |

| | കേരള വാട്ടർ അതോറിറ്റി , തൃശ്ശൂർ | | | | | |
|---|---|---|---|---|---|---|

# 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി വായ്പ | 46236/ഡി.ബി.1 /13/ത.സ്വ.ഭ.വ, തിയ്യതി 16.08.2013 | 16500000 | 5455000 | 670000 | 27000000 | 3425000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | വടക്കാഞ്ചേരി സ്പിന്നിംങ് മിൽ ഷെയർ |
|---|---|
| ആകെ | 5000 |

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഒദ്യോഗപേരും | രസീതു നം /തിയ്യതി |
|---|---|---|---|---|
| 2011-12 മുതൽ | സി.എ.ജി.ഓഡിറ്റ് പാരാഗ്രാഫ് | 7875 | എം.കെ.നാരായണൻ ,എസ്സാർ | 11602400010/4.1.2017 |

| | | | | |
|---|---|---|---|---|
| 2015-16വരെ CAG ഓഡിറ്റ് പാരാഗ്രാഫ് 2(ബി)(13) | 2(ബി)(13) | | കമ്മ്യൂണിക്കേഷൻസ് | |
| 2016-17 | ഓഡിറ്റ് പാരാഗ്രാഫ് 3(12),3(14) | 8480 | സി.ബി.സത്യൻ കോൺട്രക്ടർ | 11602104575/15/03/2017 |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53418480 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51029832 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1703870 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1703870 | ദൃശ്യാ.ടി. മനോഹർ<br>അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദൃശ്യാ.ടി. മനോഹർ | അസി.എഞ്ചിനീയർ, തെക്കുംകര | ഉഷസ്സ്, ഹൗസ് നമ്പർ 41 |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ഗ്രാമപഞ്ചായത്ത് | കോ-ഓപ്പറേറ്റീവ് റോഡ്,ചെമ്പുക്കാവ് |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം |
|---|---|
| 1968-69,70-71,<br>71-72,73-74,<br>74-75, 76-77,<br>77-78, 81-82,<br>91-92,92-93,<br>93-94, 94-95.,<br>95-96,96-97 | എൽ. എഫ്. ടി .(എസ്-2) -740/11 , 19.07.11/ 21.10.11 |
| 97-98(വരവ്) | എൽ എഫ് .ടി.17-1415/01/ 4-6-2002 |
| 97-98(ചെലവ്) | എൽ എഫ് ടി 17-1156/98, 06-03-99 |
| 98-99 | എൽ.എഫ്.ടി.17-1416/01/12-6-12 |
| 99-2000 | എൽ എഫ് ടി 17/1414 /01, 08.07.02 |
| 2000-01 | എൽ.എഫ്.ടി17-1592 / 01, 03.08.02 |
| 2002-03,03-04, 04-05, 05-06, 06-07, 07-08,08-09 | എൽ എഫ് ടി പി.1-246/12/29.3.12 |
| 09-10 | എൽ എഫ് ടി(പി1)-106/12/13-8-12 |
| 2010-11 | എൽ എഫ് ടി (പി 1)/101/12 ,13-8-12 |
| 2011-12 | എൽ എഫ് ടി പി 5-1984/ 13,13-3-14 |
| 2012-13 | എൽ എഫ് ടി പി 5 1373/14, 4/12/2014/ 12.03.2015 |
| 2013-14 | കെ.എസ്.എ-ടി.എസ്.ആർ (പി 5) 1145/15/26.10.15/07.11.15 |
| 2014-15 | കെ.എസ്.എ-ടി.എസ്.ആർ (പി 5) 1121/16/13.07.16/25.07.16 |
| 2015-16 | KSA.TSR(P5)1732/16, on 24.10.16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി5)1969/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി:25.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# Annexure-1

# AUDIT CERTIFICATE

No.KSA.TSR(P5)1069/2017

Kerala State Audit Department

District Audit Office,
Thrissur-680 020

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

Date:25.07.2017

Certified that I have audited the Annual Financial Statement of Thekkumkara Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thekkumkara Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur